**പതിനാലാം കേരളനിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.3655 20/06/2019-ൽ മറുപടിയ്ക്ക്**

**തിരുവനന്തപുരം മെഡിക്കൽ കോളേജിലെ കാത് ലാബിന്റെ പ്രവർത്തനം**

**ചോദ്യം**
**ശ്രീ. എം.വിൻസെന്റ്**

**ഉത്തരം**
**ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**
**(ആരോഗ്യവും സാമൂഹ്യ നീതിയും വനിത ശിശുവികസനവും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | തിരുവനന്തപുരം മെഡിക്കൽ കോളേജിലെ കെ.എച്ച്.ആർ.ഡബ്ല്യൂ.എസ്.ന്റെ കീഴിലുള്ള കാത് ലാബിന്റെ പ്രവർത്തനം ഏപ്രിൽ മാസം നിർത്തിവയ്ക്കേണ്ട സാഹചര്യം ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള കാരണം എന്താണെന്ന് അറിയിക്കാമോ; | (എ) | തിരുവനന്തപുരം മെഡിക്കൽ കോളേജിൽ 3 കാത്ത് ലാബുകളാണ് പ്രവർത്തിച്ചുവരുന്നത്. അതിൽ കെ.എച്ച്.ആർ.ഡബ്ല്യൂ.എസ്.ന്റെ ഉടമസ്ഥതയിലുള്ള കാത് ലാബിന്റെ പ്രവർത്തനം ഏപ്രിൽ മാസം രണ്ട് ദിവസം നിർത്തിവയ്ക്കേണ്ട സാഹചര്യം ഉണ്ടായിട്ടുണ്ട്. കാത് ലാബിന് ആവശ്യമുള്ള കൺസ്യൂമബിൾസ്/ റീ-ഏജന്റ് വിതരണം ചെയ്യുന്നതിന് M/s Haya Associates എന്ന കമ്പനിയുമായിട്ടാണ് കെ.എച്ച്.ആർ.ഡബ്ല്യൂ. എസ്. കരാറിൽ ഏർപ്പെട്ടിരുന്നത്. പ്രസ്തുത കമ്പനി ടി സാധനങ്ങൾ വിതരണം ചെയ്യാത്തതിനാലാണ് കാത്ത് ലാബ് 2 ദിവസം പ്രവർത്തന രഹിതമായിരുന്നത്. |
| (ബി) | പ്രസ്തുത ലാബിൽ നിന്നും പ്രതിമാസം ലഭിക്കുന്ന ശരാശരി വരുമാനം എത്രയാണെന്ന് വെളിപ്പെടുത്താമോ; | (ബി) | തിരുവനന്തപുരം മെഡിക്കൽ കോളേജ് കാത് ലാബിൽ നിന്നും പ്രതിമാസം 42,59,789/- രൂപ (നാല്പത്തിരണ്ട് ലക്ഷത്തി അൻപത്തിഒൻപതിനായിരത്തി എഴുന്നൂറ്റി എൺപത്തൊൻപത് രൂപ) ശരാശരി വരുമാനമായി ലഭിക്കുന്നു. |
| (സി) | പാവപ്പെട്ട രോഗികൾക്ക് ആശ്രയമായ ഈ ലാബിന്റെ പ്രവർത്തനം തടസ്സപ്പെടുത്തുന്നത് സ്വകാര്യ ആശുപത്രികളെ സഹായിക്കാനാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) | കാത് ലാബ് മുടക്കംകൂടാതെ പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ? | (ഡി) | M/s Haya Associates എന്ന കമ്പനി കൺസ്യൂമബിൾസ്/റീ-ഏജന്റ് വിതരണം ചെയ്യാത്ത സാഹചര്യത്തിൽ M/s.India Medtronic (P) Ltd. എന്ന സ്ഥാപനത്തിൽ നിന്നും സാധനങ്ങൾ ലഭ്യമാക്കി ടി കാത്ത് ലാബ് നിലവിൽ പ്രവർത്തിച്ച വരുന്നു. |

സെക്ഷൻ ഓഫീസർ